## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 535

24/10/2011 ൽ മറുപടിയ്ക്ക്

### ആയുർവേദത്തിന്റെ പ്രചാരണം

**ചോദ്യം**

ശ്രീ.ഹൈബി ഈഡൻ
ശ്രീ.പി.എ.മാധവൻ
ശ്രീ.എം.പി.വിൻസെന്റ്
ശ്രീ.ബെന്നി ബെഹനാൻ

(എ) ആയുർവേദത്തിന്റെ പ്രചാരണം സംബന്ധിച്ച് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ - സംസ്ഥാന - ദേശീയ - അന്തർ ദേശീയ തലത്തിൽ സാമൂഹ്യ - സാംസ്ക്കാരിക പ്രദർശനങ്ങൾ ഇതിനായി സംഘടിപ്പിക്കുമോ;

(സി) പ്രസ്തുത ചികിത്സാ രീതിയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പു മന്ത്രി)

(എ), (ബി) & (സി)

ആയുർവേദത്തിന്റെ പ്രചാരണത്തിനായി പ്രൊപ്പഗേഷൻ ഓഫ് ആയുർവേദ എന്ന പേരിൽ 15 ലക്ഷം രൂപ 2011 - 12 പദ്ധതി വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക വിനിയോഗിച്ച് ജില്ല, സംസ്ഥാനതല സെമിനാറുകൾ, എക്സിബിഷനുകൾ, പകർച്ചവ്യാധിക്കെതിരെയുള്ള മെഡിക്കൽ ക്യാമ്പുകൾ, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ നടത്തി വരുന്നു. കൂടാതെ എല്ലാ . വർഷവും സർക്കാർ മേഖലയിലേയും, സ്വകാര്യ മേഖലയിലേയും പ്രശസ്തരായ 5 ആയുർവേദ ഡോക്ടർമാരെ തിരഞ്ഞെടുത്ത് ബെസ്റ്റ് ഡോക്ടർ അവാർഡ് നൽകി ആദരിച്ചു വരുന്നു. 2012 ഫെബ്രുവരി 9 മുതൽ 14 വരെ "ഗ്ലോബൽ ആയുർവേദ ഫെസ്റ്റിവൽ" (കനകക്കുന്ന് കൊട്ടാരം) (ആരോഗ്യ എക്സ്പോ 2012) എന്ന പേരിൽ സംസ്ഥാന തലസ്ഥാനത്ത് ആയുർവേദത്തിന്റെ അന്തർദേശീയ പ്രദർശനം സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത എക്സ്പോയുടെ ഭാഗമായി ഭാരതീയ ചികിത്സാ വകുപ്പിലെ ഡോക്ടർമാരുടെ സഹായ

ത്തിന്റെ വിവിധയിനം ഉത്പന്ന ങ്ങൾ, ആയുർവേദ സേവന ങ്ങൾ, ആയുർവേദ വിദ്യാഭ്യാസ ഗവേഷണ പദ്ധതികൾ, ആയുഷ് ക്ലിനിക്കുകൾ, ആയുർവേദ മെഡിക്കൽ ടൂറിസത്തിന്റെ പ്രചാരണം, ആയുർവേദ ആഹാര രീതികൾ, ഔഷധ ച്ചെടികൾ എന്നിവ ഉൾക്കൊ ള്ളുന്ന 500-റോളം സ്റ്റാളുകൾ പ്രദർശന പവലിയനിൽ ഉൾപ്പെ ടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ, ഈ ചികിത്സാ രീതിയെക്കുറിച്ചുള്ള ബോധ വത്ക്കരണ ക്ലാസ്സുകളും പ്രഗത്ഭ ഡോക്ടർമാരെ ഉൾപ്പെടുത്തി ക്കൊണ്ടുള്ള അന്തർദേശീയ തലത്തിലുള്ള സെമിനാറുകളും സംഘടിപ്പിക്കുന്നതിനും ഉദ്ദേശി ക്കുന്നുണ്ട്. ജില്ലാ ദേശിയ അന്തർദേശീയ തലത്തിൽ സാമൂഹിക സാംസ്കാരിക പ്രദർശനങ്ങൾ സംഘടിപ്പി ക്കുന്ന കാര്യവും പരിഗണന യിലുണ്ട്.

സെക്ഷൻ ഓഫീസർ